LIBRARY ARCHIVES Kerala Legislative Assembly

കാർഷിക കടങ്ങൾക്കുള്ള മോറട്ടോറിയം കാലാവധി ദീർഘിപ്പിക്കാൻ നടപടി

97 [1505] ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 9-6-2004-ലെ ജി. ഒ. (എം.എസ്) 194/2004 ഉത്തരവ് പ്രകാരവും സഹകരണ സംഘം രജിസ്ട്രാറുടെ 16-7-2004-ലെ 25/04 സർക്കുലർ പ്രകാരവും പ്രഖ്യാപിച്ച കാർഷിക കടങ്ങൾക്കുള്ള ഒരു കൊല്ലത്തെ മോറട്ടോറിയം ഏത് തീയതിവരെ നൽകിയ/ അല്ലെങ്കിൽ കുടിശ്ശികയായ കടങ്ങൾക്കാണ് നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) കേരള കാർഷിക കടക്കാർ (താൽക്കാലിക ആശ്വാസ) ആക്ടിൽ കടം എന്ന നിർവചനത്തിൽ പറയുന്നതും 29-12-2001-ന് എടുത്തതും ഇന്ന് നിലനിൽക്കുന്നതുമായ കാർഷിക കടങ്ങൾക്ക് മാത്രമേ മോറട്ടോറിയം ആനുകൂല്യം ലഭ്യമാകൂ എന്ന സഹകരണ വകുപ്പിന്റെ നിലപാട് മോറട്ടോറിയം നൽകാനുള്ള തീരുമാനത്തിന്റെ ഉദ്ദേശ്യത്തിന് വിരുദ്ധമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ച 9-6-2004 വരെ നിലനിൽക്കുന്ന എല്ലാ കാർഷിക കടങ്ങൾക്കും മോറട്ടോറിയം ആനുകൂല്യം നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കർഷകർ സഹകരണ സ്ഥാപനങ്ങളിൽനിന്ന് 29-12-2001-ന് ശേഷം എടുത്തിട്ടുള്ള 50,000 (അൻപതിനായിരം) രൂപ വരെയുള്ള കാർഷിക വായ്പകൾക്കാണ് 23-1-2004 മുതൽ ഒരു വർഷത്തെ മോറട്ടോറിയം നൽകാൻ ഉദ്ദേശിച്ചിട്ടുള്ളത്.

(ബി) മോറട്ടോറിയം നൽകുന്നതിനുള്ള സർക്കാർ തീരുമാനത്തിനും റവന്യൂ വകുപ്പിന്റെ വിവിധ സർക്കാർ ഉത്തരവുകൾക്കും അനുസൃതമായാണ് സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത്. ആയതിനാൽ ഇക്കാര്യത്തിൽ സഹകരണ വകുപ്പിന്റെ നിലപാട് സർക്കാരിന്റെ ഉദ്ദേശ്യത്തിന് വിരുദ്ധമല്ല.

(സി) നിലവിലുള്ള ഉത്തരവുകൾ പ്രകാരം 29-12-2001-നുശേഷം എടുത്തിട്ടുള്ളതും മോറട്ടോറിയം കാലയളവിൽ നിലനിൽക്കുന്നതുമായ 50,000 രൂപ വരെയുള്ള കാർഷിക കടങ്ങൾക്ക് ആനുകൂല്യത്തിന് അർഹതയുണ്ട്.

ജില്ലാ സഹകരണ ബാങ്കുകളിൽനിന്ന് വിരമിച്ച ജീവനക്കാർക്ക് പെൻഷൻ നൽകുന്നതിന് നടപടി

98 [1506] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ നിയമം 2003-ൽ ഭേദഗതി ചെയ്തപ്പോൾ, സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകളിൽനിന്നും വിരമിച്ച ജീവനക്കാർക്കുകൂടി പെൻഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;